# കേരളസർവകലാശാല

നം.പി.ആർ.203/2022

## പത്രക്കുറിപ്പ്

### സെപ്റ്റംബർ 28 ലെ രണ്ടാം സെമസ്റ്റർ പരീക്ഷ മാറ്റി

കേരളസർവകലാശാല 2022 സെപ്റ്റംബർ 28 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. എസ്./സി.ബി.സി.എസ്.എസ്. (സി.ആർ.) പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. യു.സി.ഇ.കെ. (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ), ഏപ്രിൽ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും 2022 ഒക്ടോബർ 6 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രോജക്ട്/വൈവ വോസി

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി പരീക്ഷയുടെ പ്രോജക്ട് വൈവ, ജനറൽ വൈവ എന്നിവ 2022 സെപ്റ്റംബർ 29 മുതൽ 30 വരെ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ) പരീക്ഷയുടെ മിനി പ്രോജക്ട്, വൈവാ വോസി ഒക്ടോബർ 13, 14 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ – പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 സെപ്റ്റംബർ 23 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ 2022 ഒക്ടോബർ 3 ലേക്ക് മാറ്റിയിരിക്കുന്നു.

കേരളസർവകലാശാല 2022 സെപ്റ്റംബർ 23 ന് തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്സി. ഹോം സയൻസ് പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 28 (ബയോകെമിസ്ട്രി പ്രാക്ടിക്കൽ) സെപ്റ്റംബർ 30 (വൈവ വോസി) എന്നീ തീയതികളിലേക്ക് മാറ്റിവച്ചിരിക്കുന്നു.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം. (159), ഡിസംബർ 2021 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.VII (ഏഴ്) സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ സംസ്കൃതം പഠനവഗവേഷണ വകുപ്പിൽ എം.എ. സംസ്കൃതം പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2022 സെപ്റ്റംബർ 29 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ കേരളസ്റ്റഡീസ് പഠനവഗവേഷണ വകുപ്പിൽ എം.എ. മലയാളസാഹിത്യവും കേരളപഠനങ്ങളും പ്രോഗ്രാമിന് 2022-24 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 28 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായിവകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇവല്യൂഷനറി ആന്റ് ഇന്റഗ്രേറ്റീവ് ബയോളജിയിൽ എം.എസ്സി. ഇന്റഗ്രേറ്റീവ് ബയോളജി (സുവോളജി), പ്രോഗ്രാമിന് 2022 -24 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 28 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ക്യാഷ് അവാർഡ്

2018-19, 2019-20 വർഷങ്ങളിലെ കേരളസർവകലാശാല യുവജനോത്സവങ്ങളിലും (കാര്യവട്ടം ക്യാമ്പസ് 2018-19 & ഗവ.കോളേജ് കാര്യവട്ടം 2019-20), കേരളസർവകലാശാല നാടകോത്സവങ്ങളിലും (കൊല്ലം ടി.കെ.എം.കോളേജ് ഓഫ് ആർട്സ് & സയൻസ് 2018-19 & മാവേലിക്കര ബിഷപ്പ് മൂർ കോളേജ് 2019-20),സൗത്ത്സോൺ, നാഷണൽ, ഇന്റർയൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലുകളിലും പങ്കെടുത്ത് വ്യക്തിഗത - ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയവർക്കുള്ള ടാലന്റ് അവാർഡ്ദാനം (ക്യാഷ്അവാർഡ്) 2022 സെപ്റ്റംബർ 15 ന് കേരളസർവകലാശാല സെനറ്റ്ഹാളിൽ വച്ച് (പാളയം, തിരുവനന്തപുരം)ആദരണീയനായ വൈസ് ചാൻസലർ ഡോ. വി.പി. മഹാദേവൻപിള്ള നിർവഹിച്ചു. അന്നേദിവസം ക്യാഷ് അവാർഡുകൾ വാങ്ങാൻ കഴിയാത്ത വിദ്യാർത്ഥികൾ, കോളേജ് ഐഡന്റിറ്റി കാർഡുമായി 2022 സെപ്റ്റംബർ 30 - ാം തിയതിക്ക് മുൻപായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് സർവീസസിൽ (പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം) നിന്നും ക്യാഷ് അവാർഡുകൾ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം കേരളസർവകലാശാല ഫണ്ടിലേക്ക് തുക തിരികെ ഒടുക്കുന്നതാണ്.

## പിഎച്ച്.ഡി. നൽകി

മിഖായേൽ സോളമൻ എൽ., ഷേബ സൂസൻ ജോൺസ്, അജീഷ് എ., സരിത കെ.ആർ. (കൊമേഴ്സ്), ശ്രീന ശ്രീധർ, ബെൻലി ബി. (പൊളിറ്റിക്കൽ സയൻസ്), ബേസിൽ തോമസ്, ശിവപ്രിയ എസ്., ഇന്ദു ആർ., മാളവിക അജയകുമാർ (ഇംഗ്ലീഷ്), സോജിയ ജോൺ (എഡ്യൂക്കേഷൻ), ജോൺസി കെ. വി., സുജ ഡി.വി., സുമി പോൾ പി., പോൾരാജ് ആർ. (തമിഴ്), പ്രവീൺ രാജ് ആർ.എൽ. (മലയാളം), ബിജി ജി. (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), സജേഷ് ശശിധരൻ (ഒപ്റ്റോഇലക്ട്രോണിക്സ്), ഷൈനി മാത്യു (സ്റ്റാറ്റിസ്റ്റിക്സ്), ജയസിംഗ് റ്റി. (ഫിസിക്സ്), മീര മേരി ഐസക് (കമ്പ്യൂട്ടർ സയൻസ്), ഫിയോണ പൗലോസ് (സുവോളജി), നന്ദിത സി.കെ. (ബയോടെക്നോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
27.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**